**പതിമൂന്നാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.95 08.06.2015-ൽ മറുപടിയ്ക്ക്

**എൻഡോസൾഫാൻ ദുരിത ബാധിതരുടെ കടങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)** | **ശ്രീ. ഉമ്മൻചാണ്ടി (ബഹു. മുഖ്യമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിത ബാധിതരുടെ കടങ്ങൾ എഴുതിത്തള്ളാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ; | (എ) | പുറപ്പെടുവിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ദുരിത ബാധിതരുടെ കടങ്ങൾ എഴുതിത്തള്ളുന്നതിനായി 10/10/2014 ലെ സ.ഉ(എം.എസ്) നം.298/14/ആ.ക.വ പ്രകാരം മാനദണ്ഡങ്ങൾ ബാധകമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി എത്ര തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ ; | (ബി) | ഉത്തരം ഒന്നിലെ മാനദണ്ഡങ്ങൾ അനുസരിച്ച് 50,000/- രൂപ വരെയുള്ള കടബാദ്ധ്യതകൾക്ക് കടാശ്വാസത്തിനായി പ്രാഥമികമായി 7.25 കോടി രൂപ വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ട്. ആയത് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 50,000/- രൂപയ്ക്ക് മുകളിൽ 3 ലക്ഷം രൂപ വരെയുള്ള കടബാദ്ധ്യതകൾ രോഗാവസ്ഥ, കടത്തിന്റെ ആവശ്യകത, കടമെടുത്ത പണത്തിന്റെ ഉപയോഗം, തിരിച്ചടക്കാനുള്ള ശേഷി തുടങ്ങിയവ, ജില്ലാ കളക്ടർ ചെയർമാനായ കടാശ്വാസ കമ്മറ്റി പരിശോധിച്ചതിനു ശേഷം കടാശ്വാസത്തിനായി പരിഗണിക്കാവുന്നതാണെന്ന് മേൽ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ദുരിതബാധിതരുടെ ക്ലെയിമുകൾ സംബന്ധിച്ച് നേരിൽ കേൾക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. |
| (സി) | പ്രസ്തുത ഇനത്തിൽ കടം എഴുതിത്തള്ളാൻ ഇതുവരെ എന്ത് തുക നൽകിയിട്ടുണ്ടെന്നും പ്രസ്തുത തുക ഉപയോഗിച്ച് എത്ര പേരുടെ കടം എഴുതിത്തള്ളിയിട്ടുണ്ടെന്നും വിശദമാക്കാമോ? | (സി) | വായ്പകൾ എഴുതിത്തള്ളുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. നിലവിൽ ആരുടെയും വായ്പകൾ എഴുതിത്തള്ളിയിട്ടില്ല. തുക ഉടൻ അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ